# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1363 | 31/10/2019-ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിൽ എത്ര സെക്ഷനുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ വിശദാംശം നൽകുമോ; | എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിൽ 44 സെക്ഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഡയറക്ടറേറ്റിലെ പല സെക്ഷനുകളിലും ഉദ്യോഗസ്ഥരുടെ അഭാവം മൂലം ധാരാളം ഫയലുകൾ തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | ബി) | ഡയറക്ടറേറ്റിലെ ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. കുടിശ്ശിക ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അദാലത്തുകൾ ഉൾപ്പെടെയുള്ള നടപടികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി 5772 പെൻഡിംഗ് ഫയലുകൾ (രണ്ട് വർഷത്തിന് മുകളിലുള്ളവ) തീർപ്പാക്കി. ഇത്തരത്തിൽ ഇനി 2778 ഫയലുകൾ മാത്രമാണ് ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകളിലും കൂടി അവശേഷിക്കുന്നത്. ഇവയും തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഡി.പി.ഐ.യിലെ പല പ്രധാനസെക്ഷനുകളിലും ചില ഉദ്യോഗസ്ഥർ മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) & ഡി) | 01.04.2018 മുതൽ ഡയറക്ടറേറ്റിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിവരികയാണ്. ഇ-ഫയൽ സംവിധാനത്തിലേക്ക് മാറുന്ന സംക്രമണഘട്ടത്തിൽ (Transition Period) ജീവനക്കാരെ പൂർണ്ണമായും മാറ്റി നിയമിക്കുന്നത് ഭരണപരമായ പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാലാണ് ജീവനക്കാരെ പൂർണ്ണമായി മാറ്റി നിയമിക്കാതിരുന്നത്. |
| ഡി) | എങ്കിൽ ഇപ്രകാരമുള്ള ജീവനക്കാരെ വർഷങ്ങളായി പ്രസ്തുത സെക്ഷനിൽ തന്നെ നിയമിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

# പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ നിലവിലെ സെക്ഷനുകളുടെ വിവരം

| ക്രമ നമ്പർ | സെക്ഷൻ | കൈകാര്യം ചെയ്യുന്ന വിഷയം |
|---|---|---|
| 1 | A | ഗവൺമെന്റ് സ്കൂൾ എസ്റ്റാബ്ലിഷ്മെന്റ് |
| 2 | AW(a) | ഓഡിറ്റ് (അക്കൗണ്ടന്റ് ജനറൽ, ഫിനാൻസ്, ഇന്റേണൽ, ഉപഓഫീസുകൾ) |
| 3 | AW(b) | |
| 4 | AW© | |
| 5 | B | ബഡ്ജറ്റ് |
| 6 | C | മിനിസ്റ്റീരിയൽ സ്റ്റാഫ് എസ്റ്റാബ്ലിഷ്മെന്റ് |
| 7 | D | ഗസറ്റഡ് ഓഫീസർമാരുടെ എസ്റ്റാബ്ലിഷ്മെന്റ് |
| 8 | EC | എയ്ഡഡ് ഹൈസ്കൂൾ എസ്റ്റാബ്ലിഷ്മെന്റ് (ആലപ്പുഴ, എറണാകുളം, ഇടുക്കി,തൃശ്ശൂർ) |
| 9 | EM | എയ്ഡഡ് ഹൈസ്കൂൾ എസ്റ്റാബ്ലിഷ്മെന്റ് (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) |
| 10 | ET | എയ്ഡഡ് ഹൈസ്കൂൾ എസ്റ്റാബ്ലിഷ്മെന്റ് (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം) |
| 11 | F | എയഡഡ് യു.പി സ്കൂൾ എസ്റ്റാബ്ലിഷ്മെന്റ് (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ) |
| 12 | G | എയഡഡ് യു.പി സ്കൂൾ എസ്റ്റാബ്ലിഷ്മെന്റ് (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) |
| 13 | H | റൂൾസ് |
| 14 | IED | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള സഹായം |
| 15 | J | റീകൺസിലിയേഷൻ |
| 16 | K | അക്കൗണ്ട്സ് |
| 17 | L | ലോൺ |
| 18 | LC | ലീഗൽ സെൽ |
| 19 | M | മിസലേനിയസ് |
| 20 | N | സ്കോളർഷിപ്പ് |
| 21 | NEP | നാഷണൽ എഡ്യുക്കേഷൻ പോളിസി |
| 22 | NM (A) | ഉച്ചഭക്ഷണം |
| 23 | NM (B) | |
| 24 | NS | പ്രീപ്രൈമറി, അൺഎയ്ഡഡ് സ്കൂളുകൾക്കുള്ള എൻ.ഒ.സി |
| 25 | O&M | ഓഫീസ് മാനേജ്മെന്റ് |
| 26 | Pension (PA) | പെൻഷൻ |

| | | |
|---|---|---|
| 27 | Pension (PB) | പെൻഷൻ |
| 28 | Planing | വാർഷിക പ്ലാൻ തയ്യാറാക്കൽ |
| 29 | PF | എയ്ഡഡ് സ്കൂൾ പി.എഫ് |
| 30 | QIP | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം |
| 31 | R | മെഡിക്കൽ റീഇംപേഴ്സ്മെന്റ്, പേഫിക്സേഷൻ |
| 32 | RA | റിവിഷൻ അപ്പീൽ (എയ്ഡഡ് സ്കൂൾ) |
| 33 | R&R | ദുരിതാശ്വാസ പുനരധിവാസ പുന:നിർമ്മാണം |
| 34 | Secret | സീക്രട്ട് വിഭാഗം |
| 35 | Seniority | സീനിയോരിറ്റി |
| 36 | Sports | കായികവിഭാഗം |
| 37 | STATISTICS | സ്ഥിതി വിവരവിഭാഗം |
| 38 | SP&T | സ്റ്റോർ, പർച്ചേസ്, ട്രാൻസ്പോർട്ട് |
| 39 | SC | ബോഗസ് അഡ്മിഷൻ പരിശോധന വിഭാഗം |
| 40 | Vigilance (VA) | വിജിലൻസ് പരിശോധനാ വിഭാഗം |
| 41 | Vigilance (VB) | |
| 42 | W | സർക്കാർ സ്കൂൾ കെട്ടിടനിർമ്മാണം |
| 43 | WE | പ്രവർത്തിപരിചയ വിഭാഗം |
| 44 | Y | സ്കൂൾ കലോൽസവം, ശാസ്ത്രോൽസവം |